November 2020

VOL.2 ISSUE 4

Those who walk uprightly enter into peace; they find rest as they lie in death Isaiah 57:2

# THE CROSS ROADS

## ST. THOMAS JACOBITE SYRIAN ORTHODOX CHURCH, LONDON




*Thank you for all the prayers and keeping our church alive....*

Chief Editor :

Fr. Raju Cheruvillil

Co-ordinator :

Basil John

Design :

Jins Paul

## This issue

Articles from our Church Members
PAGE 02 -06

Articles TBA
PAGE 07-09

Articles TBA
PAGE 10- 11

Articles TBA
PAGE 12

Articles TBA
PAGE 13

ST. THOMAS JSO CHURCH, LONDON

# CROSS ROADS

November 2020

Volume : 2

Issue : 4

**Chief Editor**

Rev. Fr. Raju Cheruvillil

**Co-ordinator**

Basil John

**Design**

Jinse Paul

# Editorial

Jesus Christ faced a crossroad when he struggled with His own soul in the Garden of Gethsemane (Matt. 26:36-42).

proverbs 3 verses 5 and 6, King Solomon wrote: "Trust in the Lord with all thine heart; and lean not unto thine own understanding. In all thy ways acknowledge him, and He shall direct thy paths."

It raises a question for us when we face a crossroad in life: will the path we choose follows our own reasoning for what we want out of life or a path that will confirm God's plan for our lives?
Crossroads. Places of resolution . If you walk in compliance before God , you will be delicate to the Holy Spirit's guiding for you.
when we stand at a crossroad in our life, Whether we turn to the right or to the left, our ears will hear a voice behind saying, "This is the way; walk in it."" (Isaih. 30:21).

We are all wayfarers on the journey of life, and we often stand at a crossroads and wonder which direction to take. Sometimes we embark on a path that is full of hindrances . Then we're faced with the decision of whether to turn back or continue on. Other times, the road is smooth, but eventually feels like it is leading us in the wrong direction. This is what the LORD says: "Stand at the crossroads and look; ask for the ancient paths, ask where the good way is, and walk in it, and you will find rest for your souls" (Jeremiah 6:16).
We would like to bring to your attention once again to our own newsletter " Cross roads " after the departure of Biji Achan. It was a great privilege to work with him and this edition is dedicated to the precious moments which he has spent with us . We heartily thank the members who contributed their time and creativity for this edition and hope everyone enjoys it.

Editorial Board.

# ദൈവത്തിന്റെ കരുതൽ



Rev. Fr. Raju Cheruvillil

കോവിഡ്-19 ഈ കാലഘട്ടത്തിൽ ലോകം മുഴുവനും വലിയ ഭയത്തിന്റെയും ഭീതിയുടെയും നടുവിലൂടെ ആണല്ലോ കടന്നുപോകുന്നത് അനേകമായിരം ജീവനുകൾ ഭൂമിയിൽനിന്നും ഈ രോഗം ബാധിച്ചു മാറ്റപ്പെടുമ്പോൾ ദൈവത്തിന്റെ ശക്തിയുള്ള കരങ്ങൾ നമ്മെ താങ്ങി നിർത്തുന്നു വിശുദ്ധ വേദപുസ്തകം പരിശോധിക്കുമ്പോൾ അനേകം സംഭവങ്ങൾ നമുക്ക് കാണുവാൻ സാധിക്കും ഇയ്യോബിന്റെ പുസ്തകം വായിക്കുമ്പോൾ ആ ദൈവത്തിന്റെ കരുതൽ കൂടുതൽ ബോധ്യമാകും സർവ്വസമ്പത്താലും അനുഗ്രഹിക്കപ്പെട്ട മനുഷ്യൻ, ദൈവഭക്തനായ മനുഷ്യൻ എന്നാൽ അവന്റെ ജീവിതത്തിലും വലിയ പരീക്ഷണങ്ങൾ ഉണ്ടാകുന്നു സർവ്വവും നഷ്ടപ്പെട്ട് രോഗത്തിന് അടിമയായി ആരോരുമില്ലാതെ കഴിയുന്ന സമയത്തും തന്റെ ദൈവത്തിൽ ആഴമായി വിശ്വസിച്ചുകൊണ്ട് ജീവിതത്തെ മുന്നോട്ടു കൊണ്ടു പോകുന്ന ജോബ്. ആ ജീവിതത്തിൽ ദൈവത്തിന്റെ വലിയ ഒരു കരുതൽ കാണുവാൻ സാധിക്കും തന്റെ മകന്റെ ആത്മാവിനെ തൊടരുത് ദൈവം സാത്താനു കൊടുക്കുന്ന കല്പന തന്റെ ജീവിതത്തിൽ സകലവും നഷ്ടപ്പെടുമ്പോഴും ദൈവത്തെ അവൻ നഷ്ടപ്പെടുത്തിയില്ല ഈ കോവിഡ് കാലത്ത് നമുക്ക് വേണ്ടത് ജോബിന്റെ ജീവിതത്തിലുണ്ടായ ദൈവത്തിന്റെ ആ കരുതൽ നമ്മുടെ ജീവിതത്തിലും ഉണ്ടാകുവാൻ ജീവിതത്തെ രൂപാന്തരപ്പെടുത്തുക

ജീവിതത്തിൽ പ്രതിസന്ധികളിൽ തളരരുത് ജീവിതത്തിലെ ആശ കൈവിടരുത് ജീവിതത്തിൽ ആകുലപ്പെടരുത് ദൈവം നമുക്കായി വഴിതുറക്കും

ഒരു വനത്തിലെ ഒരു വലിയ മരത്തിന്റെ ഏറ്റവും മുകളിൽ ഒരു ആൺ കിളിയും ഒരു പെൺ കിളിയും ഇരിക്കുന്നു പെട്ടെന്ന് ഒരു ശബ്ദം കേൾക്കുന്നു ആണ്കിളി പെട്ടെന്ന് തന്നെ പറന്നു പോവുകയാണ് പെൺകിളിതാഴോട്ട് നോക്കിയപ്പോൾ തന്നെ ലക്ഷ്യംവെച്ച് വില്ല് കുലച്ചു നിൽക്കുന്ന ഒരു വേടാനെയാണ് കാണുന്നത് എന്ത് ചെയ്യണമെന്നറിയാതെ പകച്ച് നിൽക്കുന്ന ആ പെൺകിളി പെട്ടെന്ന് പറന്ന് മുകളിലേക്ക് ഉയരാം എന്ന് നോക്കിയപ്പോൾ തന്നെ ലക്ഷ്യമാക്കി വട്ടമിട്ടു പറക്കുന്ന ഒരു പരുന്തിനെ

കാണുന്നു ആ പെൺ കിളിയുടെമുന്നിൽ രണ്ട് മാർഗമേ ഉണ്ടായിരുന്നുള്ളൂ ഒന്ന് താഴോട്ട് ചാടുക അല്ലെങ്കിൽ മുകളിലേക്ക് പറന്നുയരുക രണ്ടും അപകടം നിറഞ്ഞതായിരുന്നു അപ്പോഴാണ് വലിയ ഒരു ശബ്ദം കേൾക്കുന്നത് താഴെ നിൽക്കുന്ന വേടന്റെ കാലിൽ ഒരു വലിയ പാമ്പ് ചുറ്റിക്കടിച്ചു അവന്റെ ലക്ഷ്യം പിഴച്ചു ആ അമ്പ്ചെന്ന് പതിച്ചത് മുകളിൽ വട്ടമിട്ടു പറക്കുന്ന പരുന്തിന്റെ മേലായിരുന്നു ആ കിളി അത്ഭുതകരമായി രക്ഷപ്പെടുന്നു

മനുഷ്യന്റെ ചിന്തകൾക്കപ്പുറം ആണ് ദൈവത്തിന്റെ ചിന്ത എന്റെയും നിങ്ങളുടെയും ജീവിതത്തില് സകലവും നഷ്ടപ്പെട്ടു ഇനി രക്ഷപെടുവാൻ സാധിക്കുകയില്ല ഇനി കരകയറുവാൻ സാധിക്കുകയില്ല എന്നുള്ള ചിന്തകൾ അലട്ടുമ്പോൾ ദൈവം നമുക്കായി ഒരു വഴി തുറന്നു തരും അതാണ് ദൈവത്തിന്റെ കരുതൽ.



# സെക്രട്ടറിയുടെ വാക്കുകളിലൂടെ



**Poulose Kakkassery**

ദൈവതിരുനാമത്തിനു മഹത്ത്വം

പ്രിയരേ,

നമ്മുടെ ഇടവകയിലെ ഓരോരുത്തരുടെയും സ്നേഹത്തിന്റെ ഹൃദയത്തുടിപ്പായ ഏറ്റവും പ്രിയപ്പെട്ട നമ്മുടെ ബിജി അച്ചൻ (Rev. Fr. Dr. Biji Chirathilattu) നമ്മളിൽനിന്ന് വിടവാങ്ങിപ്പോയിട്ടു ഇന്നേക്ക് 164 ദിവസം.

അച്ചന്റെ ആത്മാവിന് ദൈവത്തിന്റെ നിത്യതയിൻ കൂടാരത്തിൽ സ്വർഗശാന്തി പ്രാർത്ഥിക്കുന്നതോടൊപ്പം അച്ചൻ പറഞ്ഞ ചില കാര്യങ്ങൾ ഓർത്തുപോകുന്നു

Covid 19 എന്ന മഹാവ്യാധി ലോകമെമ്പാടും മാനവഹാനിയാൽ നടനം നടത്തിയ 2020 ഏപ്രിൽ-മെയ് മാസത്തിൽ യുകെയിലെ യാക്കോബായ സഭയുടെ പ്രഥമ ദേവാലയമായ London St.Thomas Jacobite Syrian Orthodox പള്ളിയുടെ ഇടവക വികാരി, Rev. Fr. Dr. Biji Chirathilattu, അച്ചൻ chaplaincy service ചെയ്തിരുന്ന Worthing NHS hospitalil നാട്ടിൽനിന്നും മെച്ചപ്പെട്ട ഒരു ഭാവി ജീവിതം സ്വപ്നം കണ്ടു ഉറ്റവരും ഉടയവരുമായ ഭർത്താവിനെയും മക്കളെയും വിട്ടു പുതുതായി UK യിൽ എത്തി സ്വന്തം വേദനകൾ മനസിൽ ഒതുക്കി Covid ബാധിച്ചു ജീവശ്വാസത്തിനുവേണ്ടി മല്ലടിച്ചുകഴിയുന്ന രോഗികളെ ശുശ്രുഷിച്ചു ക്ഷീണിച്ചു അവശരായി പോകുന്ന നഴ്സുമാരെയും രോഗികളെയും കണ്ടപ്പോൾ, Covid related ആയി താൻ തന്നേ high risk ആണെന്നുള്ള കാര്യം മനപ്പൂർവം മറന്നുകളഞ്ഞു ആ വേദനപ്പെടുന്നവരെ അടുത്തുചെന്നു അവർക്കുവേണ്ടി പ്രാത്ഥിച്ചും, അവരെ സ്നേഹിച്ചും സാന്ത്വനപ്പെടുത്തിയും ആ രോഗികളോടൊപ്പം കഴിയുവാനാണ് അച്ചൻ തിരഞ്ഞെടുത്തത്. ആയതിനാൽ തന്നെ അച്ചൻ നല്ല പോരാട്ടം പോരാടി അച്ചനും കോവിഡ് ബാധിച്ചു നമ്മളിൽനിന്നും അല്പകാലം മാത്രമായ ഈലോകവാസം വെടിഞ്ഞു ആ മനോ ഹരദേശത്തേക്കു യാത്രയായി.




***Church Management Committee (2019/2020) meeting***

കോവിഡ് വ്യാധിയുടെ ആധിക്ക്യത്താലുള്ള നിയന്ത്രണത്തിൽ ലോകത്തുള്ള മിക്കവാറും ദൈവാല യങ്ങൾ വിശ്വാസികൾ വന്നുചേർന്നുള്ള ആരാധനയില്ലാതെ അടച്ചു പൂട്ടപ്പെട്ടപ്പോൾ ദൈവം നമുക്ക് അനുഗ്രഹദാനമായി

തന്ന ദൈവാലയത്തിൽ ഒരുകാരണവശാലും വിശുദ്ധ ബലി മുടങ്ങരുത് എന്ന തീഷ്ണമായ വിസ്വാസത്തിലും അപ്പോൾതന്നെ **Covid19 social distancing, health and safety and infection control protocol** എല്ലാം തന്നെ പാലിച്ചു മനുഷ്യരെ ഭൗതികമായി ദൈവാലയത്തിൽ നിന്നും ദൂരെ നിർത്തുമ്പോൾ ആത്മീയമായി മനുഷ്യമനസ്സുകളെയും ഹൃദയങ്ങളെയും ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നതിനുവേണ്ടിയുള്ള അടിയുറച്ച സത്യദൈവ വിശ്വാസത്തിനുവേണ്ടി ദൃഢ നിശ്ചയത്തോടെ പ്രവർത്തിച്ചതുമൂലം ദൈവാനുഗ്രഹത്താൽ ഇതുവരെയും ഒരിക്കൽപോലും മുടങ്ങാതെ ഒരുപക്ഷേ നേരത്തേക്കാളും കൂടുതലായി നമ്മുടെ ദൈവാലയത്തിൽ വിശുദ്ധ ബലിയും ബന്ധപ്പെട്ട ശുശ്രുഷകളും നടത്തേണ്ടതിന്റെ ആവശ്യകത നമ്മെ ഉപദേശിച്ചു തെളിയിച്ചുതന്ന പറുദീസയിലെ കെടാവിളക്കാണ് നമ്മുടെയെല്ലാം എത്രയും പ്രിയപ്പെട്ട ബിജിയച്ചൻ. അച്ചന്റെ വിരഹനാളുകളിൽ അച്ചന്റെ സ്നേഹാദര വോടെയുള്ള ഉപദേശവും നിർദേശപ്രകാരവും തുടങ്ങി, ഇന്നും വളരെ സജീവമായി നടന്നുവരുന്ന ചുരുക്കം ചില ശുശ്രുഷകൾ താഴെ വിവരിക്കുന്നു.

കോവിഡ് മൂലം ജനങ്ങൾക്കു പള്ളിയിൽ വരാൻ സാധിക്കതായപ്പോൾ 22.03.2020 ആദ്യമായി ലൈവ് സ്ട്രീം വഴി ബിജി അച്ചൻ വിശുദ്ധബലി അർപ്പിച്ചു തുടങ്ങി. ഇത് യുകെയിൽ മാത്രമല്ല ലോകത്തുള്ള വളരെ ഏറെ വിശ്വസികൾക്കു എല്ലാ ഞായറാഴ്ചയിലും വിശുദ്ധബലിയിൽ സംബന്ധിക്കുന്നതിനു ഉപകാരമാകുന്നു.






*1ST Holy Qurbana Live Streaming (22/03/2020) – By Vicar Rev. Fr. Dr.BijiChirathilattu*

*High Quality live streaming of regular Holy Qurbana& other Virtual Church events are dedicatedly operated by Siril Kurian, Glen Siril & AlenSiril*

ആദ്യ ദിവസം തന്നെ അച്ചൻ ഇടവകയിലെ എല്ലാ മെമ്പേഴ്സിന്റെയും പേരുകൾ ഓരോ വിശുദ്ധബലിയിലും ഓർക്കേണ്ടതിനുവേണ്ടി എന്നിൽനിന്നും എഴുതിവാങ്ങി മദ്ഹബഹയിൽ സൂക്ഷിച്ചിരിക്കുകയും മറ്റു വൈദീകരെ അത് ഉപദേശിക്കുകയും ചെയ്തതിനാൽ അത് ഇന്നും നടന്നുവരുന്നു

കോവിഡ് 19 മൂലമുള്ള പ്രതിസന്ധികൾ വിശ്വാസികളെ മുഴുവൻ അവരുടെ ദൈനംദിനജീവിതത്തെ സാമ്പത്തികമായി നിശ്ചലമാക്കിയപ്പോഴും, പലരുടേയും ബന്ധുമിത്രാദികൾ നാട്ടിലും ഇവിടെയും നഷ്ടപ്പെട്ടു അവസാനമായി അവരെ ഒരുനോക്കു കാണുവാൻ പോലും കഴിയാതെ അവരോടുള്ള സ്നേഹവും വിരഹദുഃഖവും ഉള്ളുലൊതുക്കി വേദനപ്പെട്ടു കഴിയുന്ന ഇടവകക്ക് അകത്തും പുറത്തുമുള്ള ഓരോരുത്തരോടും നമ്മുടെ ഇടവകയിലെ നല്ലവരായ വിശ്വാസികൾ നിസ്വാർത്ഥമായി നൽകിയ സ്നേഹസഹായങ്ങളും കരുതലും വളരെ ശ്ലാകനീയമാണ് . അതോടൊപ്പംതന്നെ ഈ പരിമിതികളിലെലാം ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഈ കോവിഡ് നിയന്ത്രണ കാലഘട്ടത്തിൽ പള്ളിഭരണസമിതി ഒരിക്കൽ പോലും വിശുദ്ധബലി മുടങ്ങരുതെന്നും ലൈവ്സ്ട്രീമിങ് വഴി എല്ലാപേർക്കും അതിൽ സംബന്ധിക്കുവാൻ ചെയ്ത ക്രമീകരണങ്ങളുമായി നിസീമമായി സഹകരിച്ചുവരുന്ന എല്ലാപേരോടും ദൈവനാമത്തിൽ നന്ദികരേറ്റുന്നു. എല്ലാ ശുശ്രുഷകളിലും കാലത്തു വളരെ നേരത്തേ തന്നെ പള്ളിയിലെത്തി ശ്രേഷ്ട് നിലവാരത്തിൽ വിശുദ്ധകുർബാന ലൈവ്സ്ട്രീമിങ് വഴി എല്ലാപേരിലേക്കും എത്തിക്കുന്നത്





*Siril kurian, Alan siril and Glen siril* ന്റെയും അക്ഷീണപ്രവർത്തനം മൂലമാണ്. ആ കുടുംബത്തോടുള്ള നന്ദി കേരേറ്റുന്നതോടൊപ്പം സഹകരിച്ചു പ്രവർത്തിക്കുന്ന *IT,*

**Church Choir** ടീമിനെയും നന്ദിയോടെ ഓർക്കുന്നു.

തുടർന്നും എല്ലാപേരുടെയും പ്രാർത്ഥനയും സഹകരണവും സഹായവും പ്രതീക്ഷിച്ചു കൊണ്ട് സ്നേഹാദരവോടെ, **Poulose Kakkassery** (സെക്രട്ടറി)

*06.11.2020*



***Virtual Sunday School (started from 19/04/2020) – led by Headmaster George Pottackal& team***



***Google Meet Virtual events – managed by Church's IT Wing, led by Santosh Alexander & team***





***Virtual evening prayer everyday from 07.30pm to 08.00pm, led by church vicar fr. Raju Cheruvillil and Asst. Vicar Abin Markose***

# ദൈവത്തിന്റെ കൈയ്യൊപ്പ്



CK Varghese
Sexton
St Thomas JSO Church , London

ഇയ്യോബിന്റെ പുസ്തകത്തിൽ ദുര്യോഗങ്ങളുടെ സന്ദേശം അറിയിക്കാൻ ഞാൻ ഒരുത്തൻ മാത്രം വഴുതി പോന്നു എന്ന് ദൂതന്റെ അറിയിപ്പിന്റെ സമാനതകൾ ഓർമ്മപ്പെടുത്തുന്ന തരത്തിലാണ് നമ്മുക്കു ചുറ്റുമുള്ള വാർത്തകൾ കേട്ടുകൊണ്ടിരിക്കുന്നത് വൈറസ് ബാധയാലുള്ള മരണങ്ങൾ, അനുദിനം വർധിക്കുന്ന രോഗികളുടെ കണക്കുകൾ, വരാൻ പോകുന്ന കൊടിയ ദാരിദ്ര്യത്തിന്റെ സൂചനകൾ, ജോലി നഷ്ടപ്പെട്ട് പാലായനം ചെയ്യുന്ന പ്രവാസികൾ, അപകടങ്ങൾ, ഇനിയും കണ്ടെത്തിയിട്ടില്ലാത്ത പെട്ടിമുടിയിലെ ശേഷിപ്പുകൾ, നിറം മങ്ങിയ പ്രതീക്ഷകൾ....... ഒരു പഞ്ഞമാസക്കാലം ചൂളം കുത്തി അതിന്റെ നേരം കാത്ത് ചുറ്റിതിരിയുന്നു. എവിടേയും സുഖകരമല്ലാത്ത വാർത്തകൾ മാത്രം.

കവി പാടുകയാണ് ( കവിത : കണ്ണുനീർതുള്ളി )

ഉരുക്കിടുന്നു മിഴിനീരിലിട്ട്
മുക്കുന്നു മുറ്റം ഭുവനൈകശിൽപി
മനുഷ്യഹൃത്താം കനകത്തെയേതോ
പണിത്തരത്തിനുപയുക്തമാക്കാൻ
അനന്തമജ്ഞാതം അവർണനീയം
ഈ ലോക ഗോളം തിരിയുന്ന മാർഗം
അതിലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു

ഒന്നും മനസിലാകാത്ത അവസ്ഥ. ദൈവത്തിന്റെ പ്രവൃത്തികൾ ഗ്രഹിക്കാൻ പറ്റുന്നില്ല മനുഷ്യന്റെ ധാർമികമൂല്യം വിട്ടുകളഞ്ഞ് സ്വന്ത സുഖങ്ങൾ, ആസക്തികൾ, സ്വയം കേന്ദ്രിത ചിന്തകൾ എന്നിവയുടെ പിന്നാലെ പരക്കം പാഞ്ഞ് ദുഷ്ടതയുടേയും വഷളതരത്തിന്റേയും സ്വാർതതയുടെയും പര്യായമായ് മനുഷ്യൻ മാറി ദൈവകോപത്തിനിടം കണ്ടെത്തിയിരിക്കുന്നു.

ഉൽപത്തി പുസ്തകം നാം പരിശോധിക്കുമ്പോൾ (6.5) ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങൾ എപ്പോഴും ദോഷമുള്ളത് എന്നും യഹോവ കണ്ടു. ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞു. ദൈവം ഭൂമിയെ നോക്കി അത് വഷളായി എന്ന് കണ്ടു. സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു. ദൈവം ഭൂമിയെ വെള്ളത്താൽ കഴുകിയെടുത്തു. ഫലമോ പ്രളയത്താൽ നോഹയുടെ കുടുംബം ഒഴികെ എല്ലാം നശിച്ചുപോയി. ജലപ്രളയത്താൽ ഭൂമിയെ നശിപ്പിക്കയില്ലെന്ന് ദൈവം നിയമം ചെയ്തു. നിയമത്തിന്റെ അടയാളമായി മഴവില്ല് മേഘത്തിൽ വച്ചു.

അതിക്രമത്തിലും വഷളത്തത്തിലും മുങ്ങി തനി ജഡികരായി സ്വന്തം വിവേകത്തിൽ മാത്രം ഊന്നി ജീവിക്കുന്ന ഈ ആധുനിക മനുഷ്യനെ മഹാമാരിയുടെ പ്രഹരം ഇത്രവേഗതയും, ആഡംബരങ്ങളും അനാവശ്യമാണെന്ന് പഠിപ്പിച്ചു. ജീവനോടെയിരിക്കുക എന്നതാണ് ഏറ്റവും വലിയ കാര്യം എന്ന് ഈ കാലഘട്ടം നമ്മെ മനസിലാക്കി തന്നു. മനുഷ്യന്റെ കഴിവിലും, ബുദ്ധിശക്തിയിലും, ധനത്തിലും, ആശ്രയത്തിലും അല്ല ദൈവത്തിന്റെ പരിപാലനത്തിന്റെ നിഴലിലാണ് എന്ന് തിരിഞ്ഞ് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദുരിതകയത്തിൽ മുങ്ങി കഷ്ടതകളാൽ വലയുമ്പോഴും ഈയ്യോബ് ഭാര്യയോട് പറയുകയാണ് നാം ദൈവത്തിന്റെ കൈയ്യിൽ നിന്നി നന്മ കൈക്കൊള്ളുന്നു തിന്മയും കൈക്കൊള്ളരുതോ. നമ്മുടെ നെഞ്ചിൽ കൈ വച്ച് നാം സ്വയം ചോദിക്കണം ദൈവത്തിന്റെ കൈയ്യിൽ നിന്ന് എത്രയോ നന്മകൾ ഇതിനകം സ്വീകരിച്ചു ചില ദുരിതങ്ങൾ സന്തോഷത്തോടെ ഞാനും സ്വീകരിക്കരുതോ.

ഇസ്രായേൽമക്കളുടെ പ്രവാസത്തിന്റെ കാലങ്ങളിൽ യഹോവയായ ദൈവം യിരമ്യാ പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തു പ്രത്യാശയുള്ള ശുഭ ഭാവി വരേണ്ടതിന് നിന്നെ കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവയെന്ന് ഞാൻ അറിയുന്നു, അവ തിന്മക്കുള്ളവയല്ല നന്മക്കുള്ളവയത്രെ എന്ന് യഹോവയുടെ അരുളപാട് (യിരമ്യാവ് 29.11)
നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു, അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു (31.3). ഈ വാഗ്ദാനങ്ങളെ നമുക്ക് മുറുകെ പിടിക്കാം ജീവിതത്തിൽ വേദനകളുടെ, ആവലാതികളുടെ, വറുതികളുടെ സമയങ്ങളിൽ ഹൃദയത്തിന്റെ നനവാർന്ന ബാഷ്പകണങ്ങൾക്കിടയിൽ ദൈവത്തിന്റെ നിത്യസ്നേഹത്തിന്റെ രശ്മികളാൽ ദൈവത്തിന്റെ നിയമം ചെയ്ത പ്രതീക്ഷയുടെ കുരിശിന്റെ മഴവില്ല് വിരിയട്ടെ, ആമ്മേൻ

ദൈവത്തിനു സ്തോത്രം

# കടപ്പാട്



**Bijo Baby**
**Sexton**
**St. Thomas JSO Church London**

അന്നൊക്കെ എന്റെ അപ്പച്ചനും അമ്മച്ചിയും അതിരാവിലെ തന്നെ ഞങ്ങളെ ദൈവാലയത്തിൽ അയക്കുവാൻ ഒത്തിരി വ്യഗ്രത കാണിച്ചിരുന്നു. അന്നൊന്നും ജീവിതത്തിൽ അനുഭവപെടാത്ത ദൈവസാന്നിധ്യം തിരിച്ചറിയുവാൻ ഒരുപാട് കാലം മറികടക്കേണ്ടി വന്നു എന്ന് ആലോചിച്ചപ്പോൾ എന്റെ മനസ്സ് ദൈവത്തിനോട് ഒന്ന് അടുക്കുവാൻ എത്രനാൾ കാത്തിരിക്കേണ്ടി വന്നു എന്നോർത്ത് വ്യസനിക്കുന്നു. ജീവിതത്തിലെ എല്ലാ ഭാഗ്യത്തിനും കൊച്ചുതിരുമേനിയുടെ അനുഗ്രഹം ആണെന്ന് അപ്പച്ചനും അമ്മച്ചിയും എപ്പോഴും പറയുമായിരുന്നു. പക്ഷേ അതിന്റെ അർത്ഥവ്യാപ്തി തിരിച്ചറിയുവാൻ ഒത്തിരി നാൾ ജീവിക്കേണ്ടി വന്നു.

ഈ കാലഘട്ടത്തിൽ കൊറോണ രോഗബാധയാൽ അനേകം ആളുകൾ മരണത്തിന് കീഴ്പെടുന്നത് കാണുവാൻ എനിക്കിടയായി. പലപ്പോഴും തങ്ങളുടെ ഉറ്റവരോടും ഉടയവരോടും യാത്ര പോലും ചോദിക്കാതെയായിരുന്നു മിക്കവരുടെയും അന്ത്യയാത്ര. നാൾ ഇതുവരെ ആധുനിക വൈദ്യശാസ്ത്രം ഈ രോഗത്തിനെതിരെ ഒരു പ്രതിവിധിയും കണ്ടെത്തിയിട്ടില്ല എന്ന നഗ്ന സത്യം എന്നെ വല്ലാതെ ചിന്തിപ്പിച്ചു.

ഞാൻ എന്റെ ജീവിതത്തിലേക്ക് ഒന്ന് എത്തിനോക്കി. എന്നെങ്കിലും ഈ രോഗത്തിന് അടിമയായി നിത്യതയിലേക്ക് എടുക്കപ്പെടേണ്ടി വന്നാൽ ഞാൻ എന്ന വ്യക്തി ആര് എന്നൊരു ചോദ്യം എന്നിൽ ഉടലെടുത്തു. അങ്ങനെ എന്റെ ചെറുപ്പത്തിൽ അപ്പച്ചനും അമ്മച്ചിയും പറഞ്ഞു തന്ന ദൈവോപദേശം മനസ്സിൽ ഇരച്ചുകയറി ' ഇതൊന്നും നമ്മുടെയല്ല എന്നും എല്ലാം ദൈവത്തിന്റെ ദാനമാണെന്നും അതുകൊണ്ട് ദൈവത്തിൽ ആശ്രയിച്ച് മുന്നേറുക. ആത്മീയമായി കൂടുതൽ ചിന്തിച്ചപ്പോൾ എനിക്ക് വേണ്ടപ്പെട്ടവർ കർത്താവിൽ നിദ്രപ്രാപിച്ചവരെകുറിച്ചോർത്തു ഉറങ്ങി. അങ്ങിനെ ഇരുട്ടിന്റെ മറവിൽ എന്റെ സ്വപ്നത്തിൽ എനിക്ക് വേണ്ടപ്പെട്ടവരെല്ലാം വിരുന്നിനെത്തി, വിശേഷങ്ങളെല്ലാം പരസ്പരം പങ്കുവച്ചു. അവർക്കെല്ലാം സ്വർഗത്തിൽ സുഖവും സന്തോഷവും ആണെന്നുള്ള സദ്വാർത്ത എന്നെ അറിയിച്ചു. പോരേണ്ടി വന്നാൽ തെല്ല് ഭയം കൂടാതെ ആനന്ദത്തോടെ പോരണം എന്നും അവർ എല്ലാവരും അവിടെ കാത്തിരിപ്പുണ്ടന്നെും അറിയിച്ചു.

സത്യത്തിൽ എനിക്ക് വല്ലാത്ത സന്തോഷം തോന്നി കാരണം ഞാൻ ദൈവാലയത്തിൽ വിശുദ്ധ ആരാധനയിൽ പങ്ക് ചേരുമ്പോൾ ഒക്കെ അവരുടെ പേരുകൾ പള്ളിയിൽ ഓർക്കുവാൻ നൽകുമായിരുന്നു. അതിന്റെ കൂറ് എന്നോട് കാണിക്കുകയാണോ എന്ന് തെല്ലിടയിൽ സംശയിച്ചു. അങ്ങിനെ മാസങ്ങൾക്ക് ശേഷമുള്ള കാത്തിരിപ്പിന് ശേഷം എന്റെ കുടുംബത്തിന് പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുവാൻ അവസരം ലഭിച്ചു. വി. കുർബാനയിൽ ആറാം തുബ്ദേൻ വായിച്ച നേരം പതിവില്ലാതെരം ഞാൻ പ്രാകാരത്തിലെ ചുവന്ന പരവതാനിയിലേക്ക് എന്റെ നയനങ്ങൾ ഓടിച്ചു. അത്ഭുതം എന്ന് പറയട്ടെ അതാ ബിജി അച്ചൻ ഹമ്മീനിഹോ ധരിച്ച് ഏറ്റവും മുന്നിൽ, പിന്നാലെ എന്റെ അപ്പച്ചനും കൊച്ചച്ചൻമാരും, സുഹൃത്തുക്കളും പിന്നെ എനിക്കറിയാത്ത ഒത്തിരി ആളുകളും അവിടെ നിൽപുണ്ടായിരുന്നു. അന്ന് ഞാൻ ഒത്തിരി സന്തോഷത്തോടെയാണ് വീട്ടിൽ തിരിച്ചെത്തിയത് കാരണം ഞാൻ എന്റെ അപ്പന്റെ കല്ലറയിൽ അപ്പന്റെ ആത്മാവിന്റെ നിത്യരക്ഷക്കായി കത്തിച്ച മെഴുകുതിരികളും വഴിപാടുകളും പാഴായി പോയിട്ടില്ല എന്ന വിശ്വാസം തലതാരിഴ പോലും സംശയം കൂടാതെ ഞാൻ ഉൾകൊണ്ടു.


അങ്ങിനെ വിവരണാതീതമായ ഒത്തിരി വാദങ്ങൾക്കും പ്രതിവാദങ്ങൾക്കും ഒടുവിൽ എനിക്ക് എന്നോടുള്ള ചോദ്യത്തിന്റെ ഉത്തരം എന്റെ അറിവിന്റെ പരിധിയിൽ നിനും കണ്ടെത്തി. അത് എനിക്ക് ജീവൻ തന്ന ദൈവം ദയാപൂർവ്വം വച്ച് നീട്ടിയ 38 വർഷങ്ങളായിരുന്നു എന്നിരുന്നാലും ചോദ്യത്തിന്റെ ഉത്തരത്തിന്റെ പൂർണ്ണത എല്ലാ അർത്ഥത്തിലും ഉൾക്കൊള്ളുവാൻ കൂടുതൽ വർഷങ്ങൾ വേണ്ടിവരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ബാല്യത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക
വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല ( സദൃശ്യവാക്യങ്ങൾ 22.6 )
എന്റെ ശൈശവത്തിൽ, എന്റെ കൗമാരത്തിൽ എന്നെ ദൈവാലയത്തിൽ അയച്ച് ദൈവത്തെ പരിചയപ്പെടുത്തി തന്ന എന്റെ അപ്പച്ചനോടും അമ്മച്ചിയോടും, എനിക്കറിവ് പകർന്ന് തന്ന എന്റെ ഹെഡ് മാസ്റ്റർ പരേതനായ കുര്യൻ സാർ, എന്റെ സഹോദരങ്ങൾ അങ്ങിനെ തുടരുന്നു കടപ്പാടുകൾ.

# Big Ben



Elisha Abin



# Drawing

# മഴവില്ല്

## ദൈവത്തിന്റെ കൈയ്യൊപ്പ്



*He has right, He has designed*
*Evolving status is goodness.*

# Drawing



Anna Yemi
Varghese

# Summer

Elizabeth Basil



Oh summer I'll miss you so much,
With your Humming bees darting through the flowers.
They are able to sow a dream with them being as softer than the softest fur.

Oh summer I'll miss you so much, When your smile extends deep into my happy soul.

Oh summer I'll miss you so much,
the chorus of every bird fills the air.
The sunlight shines it's golden arcing rays upon the lush.
Green leaves which are as translucent as the finest feather.

Oh Summer, I'll miss you so much,
When your warm breeze kisses gently on my cheeks.

Oh summer,your nearly gone now,
The sea is perfectly calm,with it's soft murmurs scarcely audible.

Never to say goodbye but to see you again with a joyous smile .




# Communicating to God during the pandemic

Prayer is a way of communicating to god. Prayer can come in different ways and forms; it is not always about reading the bible or prayer books. It is about loving and sharing your feelings to god; it is important that you do not judge someone as not faithful if they do not know much about the bible. You do not always have to hold a bible and know a lot about god to be faithful. Faith is a very deep and peaceful amount of time you spend for god. Nowadays people think that the bible is what matters the most which is true, but what is more important is your faith. I have always believed that my heart was my bible because whenever I read the bible, I did not understand the meaning behind it. But as I took some time to understand what type of way I like to communicate to god, I understood that when I read from my heart, I really felt like I mean it. And I enjoy it more and more, it just feels like I am closer to god. And that is what prayer means to me.


During this pandemic, we are leading a life entirely different from what we had recently. We are restricted from many things especially going to church, social gathering, having to wear a mask compulsory at all the times. Hearing about people whom we know closely are affected with Corona and dying from it is shocking. As this all causes lots of loneliness, fear, anxiety, insecurity and can even cause depression. So as children it is essential to have a strong communication with god who is our saviour. Although we are unable to go to church, by having a strong bond with regular inner communication strengthens our faith.

As you all know, most of our parents work in the NHS which is a risk for them and their family. The least we could do for them is to include them in our prayers. Thank you so much NHS key workers for helping and supporting all of us for the fullest. It is amazing to have superheroes like you in the world! In conclusion I would like to say that prayer is especially important at this time right now, so it is our responsibility that we pray and confess our sins to god.





# Drawing



## Amelia Ann Pradeep



# THOUGHT-PROVOKING QUOTES

Dedicated to Late Rev. Fr. Dr. Biji Chirathilattu , thanks to Rev. Fr. Eldhose Kaungampillil


By Poulose Kakkassery

**Thank You Lord,**
For the roof over my head
and a nice bed to sleep in.

There's food on my table
and shoes on my feet.
Your loving touch is everywhere.

Forgive me if I forget
my great blessings,
if ever I start to complain.

Only let me live each day
full of praise and thanks,
immersed in Your grace.



Be honest when in trouble
and simple when in wealth.
Be polite when in authority
and be silent when in
anger.
This is called
The life management

If you Never Taste A Bad Apple. You Would Never Appreciate A Good Apple.

"Sometimes We Need To Experience Bitterness Of Life To Understand The Value Of Sweetness"

**Respect the old** when you are young.
**Help the weak** when you are strong.
**Confess the fault** when you are wrong.
**Because** one day in life you will be **OLD, WEAK** and **WRONG.**

"The secret to living well and longer is: eat half, walk double, laugh triple and love without measure."

Never wait for a Perfect Moment; Just take a Moment, and Make it Perfect.

**Silence & Smile**
are two powerful tools.
Smile is the way to solve many problems &
silence is the way to avoid many problems.

*Knowledge decides what to say...*
*Attitude decides how to say..*
*Skill decides how much to say..*
*Wisdom decides whether to say or not.....*

**DISCUSSIONS ARE ALWAYS BETTER THAN ARGUMENTS,**
because an argument is to find out **who is right,** and a discussion is to find **what is right.**

***The first***
ever cordless phone
was created by God.
He named it "prayer"
It never loses its signal
**and**
you never have to
recharge it. Use it
anywhere.



We come with Nothing, we go with Nothing but one great thing we can achieve in our life is a remembrance in someone's mind and a small place in someone's heart.

# QUIZ TIME

Example :- 24 H in a D = 24 Hours in a Day

26 L of the A = ................................................................

7 D of the W = ................................................................

7 W of the W = ................................................................

39 B of the O T = ................................................................

90 D in a R A = ................................................................

3 W on a T = ................................................................

11 P on a F T= ................................................................

12 M in a Y = ................................................................

29 D in F in a L Y = ................................................................

27 B in the N T = ................................................................

365 D in a Y = ................................................................

52 W in a Y = ................................................................

60 M in a H = ................................................................

6 B to an O in C = ................................................................

10 - C = ................................................................

25 D is C D = ................................................................



Dennis Basil


# The rain

Rain so wet and sounds like  waves from a pond
Pigeons fly and  land like a Smooth feather
The leaves blow off the trees
Feeling for the birds who might drench in the rain
Don't you worry my birdy , sunshine is yet to come


People jumping in muddy puddles like a trampoline
The plants get energy like a mouth full of water
Birds came back from the migration
The rain goes pit-a patter.

Dear rain, we love you who you are and
Sad to see you go but will wait  to see you again .

# Drawing




Joshua



# Crossword Puzzle

Reference: Acts. Chapter 1-5



## Across

**2.** The man who purchased a field with the reward of iniquity?

**3.** The prophet who spoke about the coming of the Holy Spirit?

**6.** Who was the person boasting himself to be somebody, and drew about four hundred men with him?

**8.** How many people got baptized after hearing Peter on the day of Pentecost?

**9.** The person who became an Apostle by lot?

**10.** How many days was Jesus on earth after his resurrection?

## Down

**1.** The author of the book Acts

**4.** The mount from where Jesus Christ was ascended?

**5.** Who was the Pharisee in the council and teacher of the law who had reputation among all the people?

**7.** The woman who fell down at Peter's feet and died?

"please send your answers by 30th November 2020"

secretary@sthomasjsoclondon.org

# WORLD OF CHANGE

Serin Sabu

World of change, beauty and blossom
Created by God, given to Man

Nature thrives, lushes with colours
Man ponders on his deepest wonders
Nature can survive without Man
Man can't survive without Nature
Such hatred we show to nature
Our friend and our helper
We call ourselves earth dwellers
But what have we done for the Earth

Such beauty can't compare
But nature won't always be there
Sitting near the river as the sunset dawns
Thinking about the feeling of awe
Rain and Sun working together
For people to feel happiness altogether
For the utmost care of nature we should take
Or else we contaminate the world with greed and hate

World of change, beauty and blossom
Created by God, given to Man


# Why Calf is the peripheral heart of the body

Sujoy Abraham



A Study from the university of Copenhagen in Denmark found that both old and young during 2 weeks of inactivity got their muscles weaken by a third. Especially if your lower limbs muscles get weak it will take a long time to recover. Therefore, numerous studies suggest walking is the best exercise for a healthier body.

The foot acts like a pillar bearing the weight of our body. The largest and the strongest bone, joint and muscle of the human body is present in our




legs, 50% of the nerves and blood vessels is in our lower limbs. It is the largest circulatory network that connects the body.

The calf muscleof legs is often considered the second heart because it plays a role within the circulatory system that is like the heart. One pump of the heart exerts enough power to send blood throughout the body, reaching the lower extremities in just seconds. That oxygen-rich blood flows through arteries and capillaries to reach every cell of the body, providing oxygen and nourishment.

The oxygen-depleted blood then needs to travel back up through veins to reach the heart, where it will pass into the lungs to receive a replenishing supply of oxygen. The problem is that traveling back up to the heart takes more force than a single pump of the heart can provide because the blood


is flowing counter to gravity. To get the job done efficiently, the veins need negative energy from the pumping heart plus stimulation from what is now known as the "calf muscle pump."

How to Protect Your Calf Muscles

One study published in the Journal of Biomechanics found that men and women with chronic heart failure have smaller calf muscles than healthy people with fully functional hearts. These smaller muscles must work harder to keep venous return flowing properly.

Small calf muscles are the result of muscle atrophy. This happens naturally with age, but it is accelerated for people with a sedentary lifestyle. The less you use your calf muscles, the more they are going to shrink. The more they shrink, the harder they must work to push blood through your veins and the greater your risk for heart disease.

Muscle atrophy in the calves can also occur due to nutritional deficiencies, so diet is just as important as calf - strengthening exercise. You are also at greater risk of venous insufficiency if you are overweight, and diet plays a critical role in maintaining a healthy body weight. Consuming a well - balanced diet rich in nutrients



should help correct your weight while delivering the nutrients that your calves need to remain strong and efficient

Calf-Strengthening Exercises

Calf Raises – This is a simple movement that you can do throughout the day in any location. Stand with your feet together or slightly apart and raise your heels so that you are standing on the balls of your feet. Lower your heels, and then lift them up again. Continue lifting and lowering for at least 10 repetitions. You can also do this move on the edge of a step to make it a bit harder or do it from a sitting position if you want to keep your calves active while watching television or work

Foot Pumps – You can do this calf-strengthening exercise while lying in bed, watching television, or sitting at your desk. Your feet are likely more flexible without shoes, but you can do this with shoes if needed. Start by pointing your toes to flex your foot forward. Then pull your toes back as far as possible, pointing up toward the ceiling or your knees for a backwards flex. Continue rotating between a strong point and flex.

Waking is the best exercise to keep a healthy body and mind. Walking every day for at least 45 minutes a day will give sufficient exercise and keep your leg muscles stronger. Even climbing up the stairs for 10 minutes will improve your blood circulation and keep your healthier.

So,it is not too late start walking, age is not a bar.


# Dinosaur Facts



*Nikhil Nibu Kuriakose*

- It is feisty!
- Some are herbivorous, and others are carnivorous
- There are long and short ones
- They have sharp teeth for meat, and normal teeth for leaves
- Rough skins and tails
- Different types-Tyrannosaurus rex, Stegosaurus, Triceratops, Ankylosaurus

*My favourite is Brontosaurus, one of the largest animals to have walked on Earth, reaching an amazing 23m in length and weighing 46,000 pounds. It eats plants, and uses its long neck to reach the top of the trees.*



Acrostic Poem by,
**Roshan Sabu**



# A Prayer For My Friend

Prayer from the bottom of my heart,
Really wish you stay safe,
And all your wishes come true.
You are a precious gift from God
Every day I pray for you,
Remember your loved ones too.

Friends are the family not through blood,
One gift of love when you feel down,
Reminding you that God is there.

For you to walk in the light of God's love,
Remember that God is watching you,
I hope the angels embrace you.
Each day I pray for you, my friend.
Never end your joy and happiness
Daily he will grant you more health & blessings.

# Love isn't in Lockdown













For the last 7 months, we have delivered support to the residents of Haroldhill.

We have delivered over 20 monthly food parcels

# CONGRATULATIONS



15th Anniversary of the Ordination of the
Rev. Fr. Geevarghese Thandayath




MJSSA UK bible Quiz winners



Jebin Achan & Ammai
blessed with a baby girl
(Mariyam Sarah Jebin)
on 22nd August 2020.



Baptism of Christopher Abin ( Eldho )



Rev. Fr. Raju Cheruvillil
MJSSA UK Director
Wish you every success
in your new duties



Happy married life
Alwin and Fiby

# CONDOLENCES



**Launa Aunty (Launa Alias-78), the wife of Alias uncle, the founding member of our church has passed away on 4th November 2020.**


**Mrs Alice George (Alice Ammayee, wife of late Fr K A George, London) has passed away on 10.06 2020.**



# മഹിതാചാര്യൻ

## മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മ
## മെത്രാപ്പോലീത്തയ്ക്ക്

# പ്രണാമം



പ്രവാചകതുല്യമായ ഇടപെടലുകൾ
എക്യൂമെനിക്കൽ രംഗങ്ങളിലും
മതസാമൂഹിക സ്ഥാപനങ്ങളിലും,
മതേതരസമൂഹത്തിലും
റവ. ഡോ. ജോസഫ് മാർത്തോമ്മ
മെത്രാപ്പോലീത്തയിലൂടെ വെളിവായി.



**Activities - November**

1. Evening prayer every day 7.30pm to 8pm

2. General body meeting on 15th November 4pm

3. Sunday school examination on 29th November

CROSSROADS

ST. THOMAS JSO CHURCH
LONDON

Taunton Road, Romford,
Greater London, RM3 7ST



https://www.stthomasjsoclondon.org